## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1910** **11-10-2024 - ൽ മറുപടിയ്ക്ക്**

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം ഹോസ്റ്റലിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം ഹോസ്റ്റലിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം എന്ന പ്രവർത്തിക്ക് സ.ഉ. (സാധാ) നം.95/2017/S&YA, തീയതി 15.05.2017 പ്രകാരം 6.57 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ പ്രാരംഭ SPV കിറ്റ്കോ ആയിരുന്നു. എന്നാൽ കിറ്റ്കോ കൃത്യസമയത്ത് DPR സമർപ്പിക്കാത്തതിനാൽ എസ്.കെ.എഫ്-നെ എസ്.പി.വി-യായി നിയമിച്ചു. തുടർന്ന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്നതിനായി 4.47 കോടി രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ഡി.പി.ആർ. തയ്യാറാക്കി 02.04.2024-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. നിലവിലുള്ള ഇൻഡോർ സ്റ്റേഡിയം നവീകരണം, ഹോസ്റ്റൽ നവീകരണം, ഗേറ്റ്, കോമ്പൗണ്ട് വാൾ, റീറ്റെയിനിംഗ് വാൾ, സൈഡ് കവറിംഗ് ഇല്ലാതെ ഇൻഡോർ ഖോ-ഖോ കോർട്ട്, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയാണ് ഡി.പി.ആറിൽ ഉൾപ്പെട്ടിട്ടുള്ള ഘടകങ്ങൾ. ഡിപിആർ കിഫ്ബി-ക്ക് സമർപ്പിച്ചപ്പോൾ, ഭരണാനുമതിയുടെ റീവാലിഡേഷൻ നടത്തേണ്ടതുണ്ടെന്നും അതിനുശേഷം മാത്രമേ സാമ്പത്തിക അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ എന്നും കിഫ്ബി അറിയിച്ചു. തുടർന്ന് ഭരണാനുമതിയുടെ റീവാലിഡേഷനായി കായികയുവജനകാര്യ ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.<br><br>ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഹോസ്റ്റൽ ബിൽഡിംഗിലെ ടോയ്ലറ്റ് സൗകര്യങ്ങൾ അടിയന്തരമായി നവീകരിക്കുന്നതിന് 05.08.2024-ലെ സ.ഉ.(സാധാ)നം.197/2024/S&YA പ്രകാരം, 10.75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടന്നുവരുന്നു |

സെക്ഷൻ ഓഫീസർ